നെയ്യാർഡാമിലെ ചീങ്കണ്ണികളുടെ ശല്യം

510 [917] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ വെള്ളത്തിൽ തുറന്നുവിട്ട ചീങ്കണ്ണികൾ പല ആളുകളേയും മാരകമായി കടിച്ചു മുറിവേല്പിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ജീവികളുടെ ഉപദ്രവം തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അപ്രകാരം മുറിവേറ്റ ആളുകൾക്ക് എന്തെങ്കിലും സഹായം സർക്കാരിൽനിന്ന് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആളുകളെ കടിച്ച് മുറിവേൽപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മാരകമായി മുറിവേല്പിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപദ്രവകാരികളെന്നു കണ്ട മൂന്നു ചീങ്കണ്ണികളെ പിടിച്ച് കൂട്ടിലടച്ചിട്ടുണ്ട്. കൂടാതെ ചീങ്കണ്ണികൾ വെയിലുകായാനും ഇരപിടിക്കാനും കയറി വരുന്ന ജലാശയതീരങ്ങളിൽ ''ചീങ്കണ്ണികളുണ്ട് സൂക്ഷിക്കുക'' എന്ന മുന്നറിയിപ്പ് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ചീങ്കണ്ണിയുടെ ആക്രമണത്തിന് വിധേയരായി മുറിവേൽക്കപ്പെട്ടവർക്ക് അർഹതയുള്ള നഷ്ടപരിഹാരം നല്കിയിട്ടുണ്ട്.

പെരിയാർ ടൈഗർ പ്രോജക്ടിൽ സ്ഥിതി ചെയ്യുന്ന ഏലത്തോട്ടങ്ങൾ

511 [918] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ പ്രോജക്ടിൽ സ്ഥിതിചെയ്യുന്ന ഏലത്തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട കളക്ടറിൽനിന്നും പരിശോധനാ റിപ്പോർട്ടു ഫയലുകിട്ടിയിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട ഫയൽ കളക്ടർക്ക് അയച്ചത് എന്നിനാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിട്ടിയിട്ടില്ല.

(ബി) ഫയൽ കളക്ടർക്കയച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly